**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2238 — 17.06.2014 ൽ മറുപടിക്ക്

**ഇ-ഡിസ്ട്രിക്റ്റ് പബ്ലിക്ക് പോർട്ടൽ സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. എ.റ്റി ജോർജ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇ-ഡിസ്ട്രിക്റ്റ് പബ്ലിക്ക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) ആദ്യഘട്ടത്തിൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെയുള്ള സേവനങ്ങൾ അക്ഷയ സെന്ററിലൂടെയാണ് ലഭ്യമായിരുന്നത്. ഇ-ഡിസ്ട്രിക്റ്റ് പബ്ലിക്ക് പോർട്ടൽ അരംഭിച്ചതോടെ പൊതുജനങ്ങൾക്ക് നേരിട്ട് അക്ഷയ കേന്ദ്രത്തിലോ ഓഫീസുകളിലോ പോകാതെ തന്നെ സേവനങ്ങൾ ലഭ്യമാകും. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണത്തിന്റെ മികവ് പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) സർക്കാർ സേവനങ്ങൾ നേരിട്ട് ഓൺലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ; | (സി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെയുള്ള സേവനങ്ങൾ നേരിട്ട് ലഭ്യമാകുന്നതിന് edistrict.kerala.gov.in എന്ന പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സമർപ്പിക്കുന്ന അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന പക്ഷം അപേക്ഷകന് മൊബൈൽ എസ്.എം.എസ് വഴി അക്കാര്യം അറിയുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. അപേക്ഷയുടെ നിലവിലുള്ള സ്ഥിതി അറിയുവാനും സാധിക്കും.നിലവിൽ ഓൺലൈൻ ആയി SSLC, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ പരിശോധന വില്ലേജ് ഓഫീസർക്ക് പ്രസ്തുത വകുപ്പുകളുടെ ഡാറ്റാബേസിൽ നിന്ന് നേരിട്ട് പരിശോധിക്കുന്നതിനുള്ള സൗകര്യം ഈ പദ്ധതിയിൽ ഉണ്ട്. |
| (ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) <u>ഇ-ഡിസ്ട്രിക്റ്റ് പബ്ലിക് പോർട്ടൽ മുഖേന നല്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.</u><br>1. റവന്യ സർട്ടിഫിക്കറ്റ് സർവീസ്- 23 എണ്ണം<br>2. പേമെന്റ് സർവീസുകൾ<br>• കറന്റ് ബിൽ |

- വാട്ടർ ബിൽ
- ബി. എസ്. എൻ. എൽ. ഫോൺ ബില്ലുകൾ - ലാൻഡ് ഫോൺ ബില്ലുകൾ, മൊബൈൽ ഫോൺ ബില്ലുകൾ, വയർലെസ്സ് ബില്ലുകൾ
- കേരളാ സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിറ്റീസ് വെൽഫെയർ ഫണ്ട് ബോർഡ് (കാലാകാരന്മാർക്കുള്ള പെൻഷൻ)
- പോലീസ് വകുപ്പിലെ ഇ-ചെലാൻ

3. വിവരാവകാശ നിയമം. അപേക്ഷയും ഒന്നാം അപ്പീലും.

**സെക്ഷൻ ഓഫീസർ**